LIBRARY ARCHIVES Kerala Legislative Assembly

നിലം നികത്തി വീട് വയ്ക്കുന്നതിനുള്ള അനുമതി

167 (1223) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ രേഖകളിൽ നിലം എന്ന് കാണിച്ചിട്ടുള്ള വസ്തുവിൽ താമസ ആവശ്യത്തിനായി വീട് വയ്ക്കുന്നതിന് ആർക്കെല്ലാമാണ് ഇളവ് അനുവദിച്ചിട്ടുള്ളത് ;

(ബി) എത്ര സെന്റ് വരെയുള്ള വസ്തുവിനാണ് ഇത്തരത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) റവന്യൂ രേഖകളിൽ നിലം എന്ന് കാണിച്ചിട്ടുള്ള വസ്തുവിൽ താമസ ആവശ്യത്തിനായി വീട് വയ്ക്കുന്നതിന് പ്രത്യേകിച്ച് ആർക്കും ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ 1967-ലെ KLU ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്ന ആവശ്യത്തിനായി അഞ്ച് സെന്റ് സ്ഥലം രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകുവാൻ 5-2-2002-ലെ ജി.ഒ. (ആർ.ടി.) 157/2002/എ.ഡി. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന നിലമാണെങ്കിൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പരമാവധി 10 സെന്റും മുനിസിപ്പൽ/കോർപ്പറേഷനിൽ പരമാവധി 5 സെന്റും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നികത്താവുന്നതാണ്.

കരുണ എസ്റ്റേറ്റ് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി

168 (1224) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി കൈവശപ്പെടുത്തിയ നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പാട്ടഭൂമിയായ കരുണ എസ്റ്റേറ്റ് പോബ്സൺ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകിയത് റദ്ദാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; പോക്കുവരവ് ചെയ്തുകൊടുത്തത് ഏത് തീയതിയിലായിരുന്നു ;

(ഡി) ഇതുസംബന്ധിച്ച് ഉണ്ടായ ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തായിരുന്നു കണ്ടെത്തൽ; ഇതിന്മേൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചു ;

(ഇ) പോബ്സൺ ഗ്രൂപ്പ് നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ ഭൂമി ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് നിക്ഷിപ്തമാക്കാൻ സ്വീകരിച്ച നടപടിയെന്താണ് ; ഭൂമി എത്രയാണെന്നും ഏതൊക്കെയാണെന്നും സർവ്വേ ചെയ്ത് കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതിയിൽ പോബ്സൺ ഗ്രൂപ്പിന്റെ കൈവശത്തിലുള്ള മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ ബാബു ഗംഗാനാഥിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട സർവ്വെ ടീമിന്റെ സർവ്വെ നടപടികൾ നടന്നുവരുന്നു.

(ബി ആന്റ് സി) നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ചിറ്റൂർ അഡിഷണൽ തഹസീൽദാരുടെ 28-5-2014-ലെ എച്ച് 2-2013/10327/9/200 നമ്പർ നടപടി ക്രമപ്രകാരം.

(ഡി) 14-7-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3173/2014/റവന്യൂ പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തുകയുണ്ടായി. 1963-ലെ ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം അന്വേഷണവിധേയമായ ഭൂമി 1-1-1970 മുതൽ സർക്കാരിൽ നിക്ഷിപ്തമാണെന്നും 1-1-1970-നുശേഷമുള്ള കൈമാറ്റങ്ങൾ എല്ലാംതന്നെ അസാധുവായതിനാൽ ഈ വിഷയത്തിൽ ഭൂപരിഷ്കരണ നിയമത്തിന്റെ വ്യക്തമായ ലംഘനം നടന്നിട്ടുള്ളതായും കണ്ടെത്തിയിരുന്നു. തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് സർവ്വെ ഡയറക്ടറുടെ 11-11-2014-ലെ ബി 2-33419/14-ാം നമ്പർ നടപടിക്രമപ്രകാരം ഒരു സ്പെഷ്യൽ ടീമിനെ ചുമതല പ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും പ്രസ്തുത സർവ്വെക്ക് മേൽനോട്ടം വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും ലാൻഡ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇൻസ്പെക്ടർ ജനറൽ (രജിസ്ട്രേഷൻ), ജില്ലാ കളക്ടർ, പാലക്കാട് എന്നിവർ അംഗങ്ങളായ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5473/2014/റവന്യൂ തീയതി 12-11-2014 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീമിന്റെ അന്വേഷണം നടന്നുവരുന്നു.

(ഇ) നെല്ലിയാമ്പതിയിൽ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. സർവ്വെ നടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly